**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2676** **13-02-2024 - ൽ മറുപടിയ്ക്ക്**

**കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിൽ സ്ഥിതി ചെയ്യുന്ന കെൽട്രോൺ കംപോണന്റ് കോപ്ലക്സ് ലിമിറ്റഡിന്റെ വൈവിദ്ധ്യവത്കരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കുമോ; | (എ) | 2017 മുതൽ കെ.സി.സി.എൽ ഇലക്ട്രോണിക്സ് കംപോണന്റ്സ് ഉല്പാദനത്തിനായി വിവിധ വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:-<br><br>1. എം പി പി കപ്പാസിറ്റർ ഉല്പാദന കേന്ദ്രം(ആദ്യ ഘട്ടം)- 4 കോടി രൂപ<br><br>2.ആധുനിക ഗവേഷണ കേന്ദ്രം - 2 കോടി രൂപ<br><br>3. എം പി പി കപ്പാസിറ്റർ ഉല്പാദന കേന്ദ്രം(രണ്ടാം ഘട്ടം) - 2 കോടി രൂപ 4. റെക്ടാംഗുലർ എം പി പി കപ്പാസിറ്റർ ഉല്പാദന കേന്ദ്രം - 2 കോടി രൂപ<br><br>5.ഇലക്ട്രോലൈറ്റിക് കപ്പാസിറ്റർ ഉല്പാദന കേന്ദ്രം വിപുലീകരണം - 2 കോടി രൂപ<br><br>6.ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉല്പാദന കേന്ദ്രം - 18 കോടി രൂപ<br><br>മാസ്റ്റർ പ്ലാൻ (വിഷൻ 2030) പ്രകാരം മിഡ് ടേം (2023-25) പദ്ധതിയായി ലിഥിയം-അയോൺ ഫോസ്ഫേറ്റ് ബാറ്ററി ഉല്പാദന കേന്ദ്രം, ഫിലിം മെറ്റലൈസേഷൻ പ്ലാന്റ് എന്നിവയും ലോങ് ടേം(2025-30) പദ്ധതിയായി സൂപ്പർ കപ്പാസിറ്റർ ഉല്പാദന കേന്ദ്രം(രണ്ടാം ഘട്ടം), എസ് എം ഡി കംപോണന്റ്സ് ഉല്പാദന കേന്ദ്രം, ആക്ടീവ് ഇലക്ട്രോണിക്സ് കംപോണന്റ്സ് ഉല്പാദന കേന്ദ്രം എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനം ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിച്ചു വരുന്നത്; വിശദമാക്കാമോ? | (ബി) | അതെ.<br><br>2009-10 ൽ കെ സി സി എൽ രൂപീകൃതമായ ശേഷം ആദ്യമായി 2017-18 ൽ കെ സി സി എൽ ലാഭത്തിലായി. തുടർന്ന് കമ്പനി കഴിഞ്ഞ ആറ് |

| | | | |
|---|---|---|---|
| | | | വർഷവും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2017-18 ൽ 52 ലക്ഷവും, 2018-19 ൽ 192 ലക്ഷവും, 2019-20 ൽ 279 ലക്ഷവും, 2020-21 ൽ 138 ലക്ഷവും, 2021-22 ൽ 256 ലക്ഷവും, 2022-23 ൽ 207 ലക്ഷവും കമ്പനി ലാഭമുണ്ടാക്കി. 2021-22ൽ കമ്പനിയുടെ Networth Positive ആയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ